**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം** **11.02.2020-ൽ മറുപടിക്ക്**

**നമ്പർ. * 171**

<u>പി.എസ്.സി. പരീക്ഷാ ക്രമക്കേടുകൾ തടയുന്നതിന് നടപടി</u>

**ചോദ്യം** **ഉത്തരം**

ശ്രീ. പി. കെ. അബ്ദു റബ്ബ്

" എം. സി. കമറുദ്ദീൻ

" മഞ്ഞളാംകുഴി അലി

" അബ്ദുൽ ഹമീദ് പി

**പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന എഴുത്തു പരീക്ഷകളിൽ വിവിധ തരത്തിലെ ക്രമക്കേടുകൾ അരങ്ങേറുന്നതായ പരാതികൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ അക്കാര്യത്തിൽ പതിവായി കണ്ടുവരുന്ന ക്രമക്കേടുകൾ എന്തൊക്കെയാണെന്നും സ്വീകരിച്ചു വരുന്ന പരിഹാര നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ; | (എ) | പി.എസ്.സി. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.<br>1. പരീക്ഷാ കേന്ദ്രങ്ങളിലെ/ഹാളിലെ ഉദ്യോഗാർത്ഥികൾ അപമര്യാദയായി പെരുമാറിയത്.<br>2. മൊബൈൽ ഫോൺ/സ്മാർട്ട് വാച്ച് മുതലായവ ഉപയോഗിച്ചത്/ കൈവശം സൂക്ഷിച്ചത്.<br>3. ആൾമാറാട്ടം നടത്തി പരീക്ഷ എഴുതിയത്.<br>4. ഇൻവിജിലേറ്റർക്കെതിരായ പരാതി.<br>5. അടുത്തടുത്ത രജിസ്റ്റർ നമ്പർ തരപ്പെടുത്തി പരീക്ഷ എഴുതിയത്.<br>മേൽപറഞ്ഞ ക്രമക്കേടുകൾ തടയുന്നതിനായി പി.എസ്.സി. പരീക്ഷാ നടത്തിപ്പിൽ കാതലായ മാറ്റങ്ങൾ വരുത്തുകയും കൂടുതൽ കുറ്റമറ്റ രീതിയിൽ നടത്തുന്നതിന്റെ ഭാഗമായി മാർഗനിർദേശങ്ങൾ നടപ്പാക്കുകയും പരീക്ഷാ കേന്ദ്രത്തിൽ ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിക്കുന്നത് കർശനമായി നിരോധിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം, പി.എസ്.സി. പരീക്ഷകളിൽ ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിച്ച് നടത്തുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ ഉദ്യോഗസ്ഥർക്ക് സംസ്ഥാന പോലീസ് സൈബർ ക്രൈം വിഭാഗം പരിശീലനം നൽകി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പോലീസ് സേനയിലേയ്ക്കുള്ള എഴുത്തു പരീക്ഷ നടത്തുന്ന ഹാളുകളിൽ സി.സി.ടി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; | (ബി) | ഇല്ല. വളരെ സുതാര്യമായും കുറ്റമറ്റ രീതിയിലും പരീക്ഷ നടത്തുന്നതിനു വേണ്ട നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ പി.എസ്.സി.യുടെ എല്ലാ എഴുത്തു പരീക്ഷാ ഹാളുകളിലും ഇത്തരം മുൻകരുതൽ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (സി) | പി.എസ്.സി പരീക്ഷയുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി ക്യാമറ സംവിധാനം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ